"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - അഗസ്ത്യാർകൂടം സീസണൽ ട്രെക്കിംഗ് 2025 - ട്രെക്കിങ്ങ് തീയതി പുനഃക്രമീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

---

**വനം വന്യജീവി(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.54/2025/F&WLD തീയതി,തിരുവനന്തപുരം, 04-02-2025

---

പരാമർശം:- സ.ഉ.(സാധാ) നം. 531/2024/വനം, തീയതി 20.12.2024

**ഉത്തരവ്**

അഗസ്ത്യാർകൂടം സീസണൽ ട്രെക്കിംഗ് 2025-മായി ബന്ധപ്പെട്ട് സന്ദർശകരെ അനുവദിക്കുന്നതിന് അനുമതി നൽകി സൂചന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം ട്രെക്കിങ്ങ് നടത്തേണ്ട തീയതി ജനുവരി 20 മുതൽ ഫെബ്രുവരി 22 വരെ ആണ്. ട്രെക്കിങ്ങ് തുടർന്ന് വരുന്ന നാളിതുവരെയുള്ള കാലയളവിൽ നിരവധി പേർക്ക് പ്രതികൂല കാലാവസ്ഥ സഹിതമുള്ള കാരണങ്ങളാൽ ട്രെക്കിങ്ങ് നടത്തുന്നതിന് കഴിഞ്ഞിരുന്നില്ല. ഫീസ് ഒടുക്കിയശേഷം തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ പോകാൻ കഴിയാതിരുന്നവർക്ക് ഒരവസരം കൂടി നൽകണമെന്ന് നിരവധി അഭ്യർത്ഥനകൾ ലഭിക്കുകയുണ്ടായി.

2. സർക്കാർ ഈ വിഷയം പരിശോധിച്ചു. മേൽ വിവരിച്ച പ്രകാരം തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ പ്രതികൂല കാലാവസ്ഥ കാരണം ട്രെക്കിങ്ങിന് പോകാൻ കഴിയാതിരുന്നവർക്ക് ഒരവസരം കൂടി നൽകുന്നതിനായി, താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി, 2025 ഫെബ്രുവരി 23 വരെ ട്രെക്കിങ്ങ് തീയതി നീട്ടിനൽകി ആയത് പുനഃക്രമീകരിച്ച് ഉത്തരവാകുന്നു.

- ആദ്യം വരുന്നവർക്ക് ആദ്യം എന്ന ക്രമത്തിൽ ഫീസ് അടച്ചവർക്ക് മുൻഗണന നൽകിയും, സ്ലോട്ട് ഒഴിവ് വന്നാൽ നിലവിലെ ഓഫ്‌ലൈൻ രീതിയിൽ നിലവിലെ സീസൺ ട്രെക്കിങ് ഫീസ് നിരക്കിൽ തന്നെ എൻട്രി പാസ്സ് തിരുവനന്തപുരം വൈൽഡ് ലൈഫ് വാർഡൻ നൽകേണ്ടതാണ്.
- ഫെബ്രുവരി 23 തീയതിയിലും പ്രതിദിന ട്രെക്കിങ്ങ് നടത്തുന്നവരുടെ എണ്ണം 100 ആയി തന്നെ നിലനിർത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD V R
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, വനം വകുപ്പാസ്ഥാനം, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, വനം വകുപ്പാസ്ഥാനം, തിരുവനന്തപുരം.
ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എ.ബി.പി), വനം വകുപ്പാസ്ഥാനം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (മാധ്യമങ്ങളിലും സർക്കാർ വെബ് സൈറ്റിലും പ്രസിദ്ധീകരിക്കുന്നതിന്)

വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.

കരുതൽ ശേഖരം/ ഓഫീസ് കോപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Suja S K
സെക്ഷൻ ഓഫീസർ
Date: 04-02-2025 17:15:32

പകർപ്പ്

ബഹു. വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പി.എസ്സിന്

വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്